"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കണ്ണൂർ കോർപ്പറേഷനിലെ എടക്കാട് സോണൽ ഓഫീസ് പരിധിയിലുമുള്ള തീരദേശ സംരക്ഷണ മേഖലയിൽ അനധികൃത കെട്ടിടങ്ങൾ പണിത് റിസോർട്ടുകളായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ടുള്ള അച്ചടക്കനടപടി - ശാസന നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1334/2025/LSGD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.11.2018-ലെ ഇ17(പി.ഇ1/18/കെ.എൻ.ആർ.)41146/ 17 നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിൽ നിന്നുള്ള 13.12.2018-ലെ VIG-D1/1114/2018-VIG നമ്പർ കത്ത്.
3. 08.12.2022-ലെ LSGD-EW2/43/2019-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ദീപ്തി. ആർ-ന്റെ 08.03.2023-ലെ പ്രതിവാദപത്രിക.
5. ഓവർസിയർ ശ്രീമതി ശോഭ പി.വി.-യുടെ 09.03.2023-ലെ പ്രതിവാദപത്രിക.
6. 23.11.2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/25024/2023-VIGE3 നമ്പർ കത്ത്
7. സ.ഉ.(സാധാ)നം.374/2025/LSGD തീയതി 06.02.2025
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 06.03.2025-ലെ ഇ1/178/2025 നമ്പർ കത്ത്.
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽ കുമാർ എൻ.-ന്റെ

02.04.2025-ലെ പ്രതിവാദപത്രിക.

**ഉത്തരവ്**

മുൻ എടക്കാട് ഗ്രാമപഞ്ചായത്തിലും ഇപ്പോൾ കണ്ണൂർ കോർപ്പറേഷനിലെ എടക്കാട് സോണൽ ഓഫീസ് പരിധിയിലുമുള്ള തീരദേശ സംരക്ഷണ മേഖലയിൽ അനധികൃത കെട്ടിടങ്ങൾ പണിത് റിസോർട്ടുകളായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ തുടർച്ചയായി നടത്തിയ പ്രാഥമികാന്വേഷണത്തിൽ 8 റിസോർട്ടുകളിൽ ക്രമക്കേട് കണ്ടെത്തി. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ പരാമർശം (1) റിപ്പോർട്ട് വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകൾ:- (1) സീ ഷെൽ ഹാരിസ് ബീച്ച് റിസോർട്ട് (2) വേവ്സ് ബീച്ച് റിസോർട്ട് (3) സാറ്റിൻ സാന്റ് ബീച്ച് റിസോർട്ട് (4) മലബാർ ബീച്ച് റിസോർട്ട് (5) ഹോം സ്റ്റേയായി പ്രവർത്തിച്ചു വരുന്ന കണ്ണൂർ ബീച്ച് ഹൗസ് (6) ക്ലബ്7 ബീച്ച് റിസോർട്ട് (7) ഓഷ്യൻ ഹ്യൂസ് റിസോർട്ട് (8) തോട്ടട ബീച്ച് റിസോർട്ട്.

**2.** വിജിലൻസ് പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. ശ്രീ. അനിൽകുമാർ എൻ., മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ) (PEN-684525)
2. ശ്രീമതി ദീപ്തി. ആർ., മുൻ അസിസ്റ്റന്റ് എഞ്ചിനീയർ (നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) (PEN-217378)
3. ശ്രീമതി ശോഭ. പി.വി., ഓവർസിയർ ഗ്രേഡ്-II (PEN-442218)
4. ശ്രീ. ധർമ്മരാജൻ. പി (റിട്ട. ഓവർസിയർ)

**3.** ഒന്ന് മുതൽ മൂന്ന് വരെയുള്ള കുറ്റാരോപിതർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. റിട്ടയർ ചെയ്ത ഓവർസിയർ ശ്രീ. പി. ധർമ്മരാജനെതിരെ കേരള സർവീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

**4.** ഒന്ന് മുതൽ മൂന്ന് വരെയുള്ള കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിൽ തങ്ങൾക്കെതിരെയുള്ള കുറ്റാരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്. സാറ്റിൻ സാന്റ് ബീച്ച് റിസോർട്ട്, സീ ഷെൽ ഹാരിസ് ബീച്ച് റിസോർട്ട് എന്നിവക്കെതിരെ പഞ്ചായത്ത് ഡയറക്ടറുടെ കത്ത് പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിനായി എടക്കാട് സോണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കേ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 28.11.2016-ലെ പരിശോധന റിപ്പോർട്ട് മടക്കി നൽകുകയും വ്യക്തത വരുത്തി നൽകിയ രണ്ടാമത്തെ റിപ്പോർട്ട് ഒരു വർഷത്തോളം നടപടിയെടുക്കാതെ കാലതാമസം വരുത്തിയതും വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് എഴുതുവാൻ നിർദ്ദേശിച്ച് മേൽ റിസോർട്ടുകൾക്ക് നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് പ്രവർത്തിക്കുവാൻ

അനുകൂലമായ സാഹചര്യം ഉണ്ടാക്കിയത് വഴി ഗുരുതരമായ കൃത്യനിർവഹണ വീഴ്ച വരുത്തി എന്നതാണ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ.-നെതിരെയുള്ള ആരോപണം. പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് കുറ്റാരോപണപത്രികയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ കാണുന്നതിനും ആവശ്യമായ കാര്യങ്ങൾ ശേഖരിക്കുന്നതിനും ശ്രീ. അനിൽകുമാർ എൻ-ന്റെ അഭ്യർത്ഥനപ്രകാരം 30.10.2024-ന് സൗകര്യം നൽകുകയുണ്ടായി. ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകളുടെ ഫയലുകളൊന്നും തനിക്ക് പരിശോധനയ്ക്കായി ലഭിച്ചിരുന്നില്ലെന്നും ഒരു റിപ്പോർട്ടും താൻ മേൽ ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നുമാണ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ദീപ്തി. ആർ. പ്രതിവാദപത്രികയിൽ അറിയിച്ചിരിക്കുന്നത്. ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകളിൽ മലബാർ ബീച്ച് റിസോർട്ട് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഓവർസിയർ എന്ന നിലയിൽ സ്ഥലം സന്ദർശിക്കുകയോ നമ്പറിങ്ങിന് ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല എന്നും സെക്രട്ടറിയുടെ ആവശ്യപ്രകാരം മലബാർ ബീച്ച് റിസോർട്ടിന്റെ ഏരിയ മാത്രം കണക്കാക്കി നൽകുകയാണ് ചെയ്തതെന്നും ഓവർസിയർ ശ്രീമതി പി.വി. ശോഭ പ്രതിവാദപത്രികയിൽ അറിയിച്ചിരിക്കുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകളുടെ അനുമതി/പൂർത്തീകരണ കാലയളവും കുറ്റാരോപിതയായ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ്തി. ആർ. ഗ്രാമപഞ്ചായത്തിൽ സേവനത്തിലിരുന്ന കാലയളവും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും പ്രസ്തുത കെട്ടിടങ്ങൾ സംബന്ധിക്കുന്ന ഫയലുകളൊന്നും തനിക്ക് പരിശോധനയ്ക്കായി ലഭിച്ചിരുന്നില്ലെന്നും ഒരു റിപ്പോർട്ടും താൻ മേൽ ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ് എന്നുമുള്ള ശ്രീമതി ദീപ്തിയുടെ പ്രതിവാദപത്രികയിലെ വാദം സ്വീകാര്യമായി കാണുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശിച്ചിരിക്കുന്നു. കുറ്റാരോപിതയായ ഓവർസിയർ ശ്രീമതി പി.വി. ശോഭ നൽകിയ പ്രതിവാദ പത്രികയിൽ മലബാർ ബീച്ച് റിസോർട്ട് എന്ന കെട്ടിടത്തെ സംബന്ധിച്ച ഫയലിൽ താൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ച സാഹചര്യത്തിലും മേൽഫയൽ കുറ്റാരോപിതയ്ക്ക് ഓഫീസ് നടപടികൾ പ്രകാരം കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കാത്തതിനാലും ടി വിഷയത്തിൽ ഓവർസീയർ ശ്രീമതി പി.വി.ശോഭയുടെ പ്രതിവാദം യുക്തിസഹമല്ലെന്നും ശേഷിക്കുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ ടിയാളുടെ പ്രതിവാദ പത്രികകൾ സ്വീകാര്യമാണെന്ന് കാണുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

6. തുടർന്ന്, നടപടിക്രമങ്ങളുടെ ഭാഗമായി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുകയും പരാമർശം (8) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ. 25.02.2017-ൽ ഫയൽ മടക്കിയത് എടക്കാട് സോണൽ ഓഫീസിൽ 06.01.2018-ലാണ് ലഭിച്ചിട്ടുള്ളത് എന്ന് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട് എന്നും ഈ കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുള്ളത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നാണോ ക്ലാർക്കിന്റെ ഭാഗത്ത് നിന്നാണോ

എന്ന് പരിശോധിക്കുന്നതിനായി പെർസണൽ രജിസ്റ്റർ ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിന് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി/സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും പെർസണൽ രജിസ്റ്റർ ലഭ്യമായാൽ ഉടൻ തന്നെ ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 10.07.2012 മുതൽ 15.06.2013 വരെയും 07.04.2014 മുതൽ 17.02.2016 വരെയുമാണ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ്തി എടക്കാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്. വാസഗൃഹ അപേക്ഷകളിൽ ക്ലാർക്ക്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ നേരിട്ട് സ്ഥലപരിശോധന നടത്തിയാണ് അനുമതി നൽകുന്നത് എന്നും സാങ്കേതിക വിഭാഗം ജീവനക്കാർ അത്തരം ഫയലുകളിൽ യാതൊരു പരിശോധനയും നടത്തിയതായി കാണുന്നില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഈ വിഷയത്തിൽ പരിഗണിക്കാവുന്നതാണ് എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. നികുതി പുനർനിർണയിക്കുന്നതിനുള്ള എടക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5 ലെ 461 (റി.സ.നം. 38/2) നമ്പർ കെട്ടിടത്തിന്റെ പ്ലാനിൽ "നിലവിലുള്ള വീടും സ്ഥലവും പരിശോധിച്ച പ്ലാനിൽ കാണിച്ചത് പോലെ തന്നെയാണ് നിർമ്മാണം നടത്തിയിരിക്കുന്നത്" എന്ന് റിപ്പോർട്ട് എഴുതി ശ്രീമതി ശോഭ ഓവർസിയർ ഒപ്പിട്ടിട്ടുള്ളതായി കാണുന്നു എന്നും (ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രസ്തുത പ്ലാനിൽ ഒപ്പിട്ടിട്ടുണ്ട്) നിലവിൽ അംഗീകൃത കെട്ടിട നമ്പറുള്ളതും നികുതി അടച്ചുവരുന്നതുമായ കെട്ടിടത്തിന് കൂട്ടിച്ചേർക്കലുമായി ബന്ധപ്പെട്ട റിപ്പോർട്ടാണ് ഓവർസിയർ നൽകിയതായി കാണുന്നത് എന്നും വാസഗൃഹ അപേക്ഷകളിൽ ക്ലാർക്ക്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ നേരിട്ട് സ്ഥലപരിശോധന നടത്തിയാണ് അനുമതി നൽകുന്നത് എന്നും സാങ്കേതിക വിഭാഗം ജീവനക്കാർ അത്തരം ഫയലുകളിൽ യാതൊരു പരിശോധനയും നടത്തിയതായി കാണുന്നില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഈ വിഷയത്തിൽ പരിഗണിക്കാവുന്നതാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

7. അച്ചടക്കനടപടിക്രമത്തിന്റെ ഭാഗമായി മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ., മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ദീപ്തി. ആർ., ഓവർസിയർ ശ്രീമതി. ശോഭ പി.വി. എന്നിവരെ 02.04.2025-ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ ശ്രീ. അനിൽകുമാർ എൻ. പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. സാറ്റിൻ സാന്റ് ബിച്ച് റിസോർട്ട്, സീ ഷെൽ ഹാരിസ് ബീച്ച് റിസോർട്ട് എന്നിവ സംബന്ധിച്ച C/3983 (A)/16, C/3983 (B)/16 എന്നീ ഫയലുകൾ വ്യക്തമായ ശിപാർശ സഹിതം പുതിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലോടെ റിപ്പോർട്ട് ചെയ്യുന്നതിന് 25.02.2017 തീയതിയിൽ മടക്കിയെങ്കിലും ആയത് തനിക്ക് തിരികെ ലഭ്യമായിട്ടില്ലെന്നും ഇക്കാര്യത്തിൽ ദുരൂഹതയുണ്ടെന്നും താഴെത്തട്ടിലെ ജീവനക്കാർ ബോധപൂർവം ഇക്കാര്യം ചെയ്തതാകാമെന്നുമാണ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ.-ന്റെ വാദം. ഇക്കാര്യം സ്ഥാപിക്കുന്നതിനായി ആവശ്യമായ രേഖയും ഫയലുകളുടെ movement അറിയുന്നതിനായി സൂക്ഷിച്ചിരുന്ന കൈമാറ്റ രജിസ്റ്ററിന്റെ പകർപ്പും ടിയാൻ ലഭ്യമാക്കി; ആയതിലും മേല്പറഞ്ഞ

2 ഫയലുകളും 25.02.2017 -ന് കൈമാറിയതായി കാണുന്നു. പരാമർശ വിഷയവുമായി ബന്ധപ്പെട്ട് തനിക്ക് യാതൊരു ബന്ധവുമില്ലെന്ന വാദം തന്നെയാണ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ്തി ആർ. നേർവിചാരണയിലും ഉന്നയിച്ചത്. ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകളിൽ മലബാർ ബീച്ച് റിസോർട്ട് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഓവർസിയർ എന്ന നിലയിൽ സ്ഥലം സന്ദർശിക്കുകയോ നമ്പറിങ്ങിന് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് പ്രതിവാദപത്രികയിൽ അറിയിച്ച വാദം തന്നെ ഓവർസിയർ ശ്രീമതി ശോഭ പി.വി. ആവർത്തിച്ചു. മലബാർ ബീച്ച് റിസോർട്ട് എന്ന കെട്ടിടത്തിന് ഒരുനില കെട്ടിടത്തിനും രണ്ടുനില കെട്ടിടത്തിനും വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നില്ല എന്നും 2010-ൽ ഏരിയ അളന്ന് തിട്ടപ്പെടുത്തണമെന്ന് വീടിന്റെ ഉടമസ്ഥൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം താൻ ഏരിയ അളന്ന് തിട്ടപ്പെടുത്തുക മാത്രമാണ് ചെയ്തതെന്നും യാതൊരു കൂട്ടിച്ചേർക്കലുകളും താൻ ശിപാർശ ചെയ്തിട്ടില്ല എന്നും ശ്രീമതി. ശോഭ നേർവിചാരണയിൽ ബോധിപ്പിച്ചു. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയ വീഴ്ചയ്ക്ക് അടിസ്ഥാനമുള്ളതല്ലെന്നും ടിയാൾ ബോധിപ്പിച്ചു.

8. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, നേർവിചാരണ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

സാറ്റിൻ സാന്റ് ബിച്ച് റിസോർട്ട്, സീ ഷെൽ ഹാരിസ് ബീച്ച് റിസോർട്ട് എന്നിവ സംബന്ധിച്ച C/3983 (A)/16, C/3983 (B)/16 എന്നീ ഫയലുകളിൽ കാലതാമസമുണ്ടായിട്ടുള്ളത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അനിൽകുമാർ എൻ.-ന്റെ ഭാഗത്ത് നിന്നാണ് എന്ന് ബോധ്യപ്പെട്ടിട്ടില്ല. ഓവർസിയർ ശ്രീമതി പി.വി. ശോഭ മലബാർ ബീച്ച് റിസോർട്ട് എന്ന കെട്ടിടത്തിന്റെ ഏരിയ അളന്ന് തിട്ടപ്പെടുത്തി. ക്രമക്കേടുകൾ കണ്ടെത്തിയ 8 റിസോർട്ടുകൾ സംബന്ധിക്കുന്ന ഫയലുകളൊന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ദീപ്തി ആർ. കൈകാര്യം ചെയ്തതായി കാണുന്നില്ല. കണ്ണൂർ ജില്ലയിലെ Town Planning വിജിലൻസ് സ്ക്വാഡ് 10.8.2015-ന് നടത്തിയ വിജിലൻസ് പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് നേർവിചാരണയിൽ ഹാജരായപ്പോൾ കുറ്റാരോപിതർ ലഭ്യമാക്കുകയുണ്ടായി. വാസഗൃഹ അപേക്ഷകളിൽ ക്ലാർക്ക്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ നേരിട്ട് സ്ഥലപരിശോധന നടത്തിയാണ് അനുമതി നൽകുന്നത് എന്നും സാങ്കേതിക വിഭാഗം ജീവനക്കാർ അത്തരം ഫയലുകളിൽ യാതൊരു പരിശോധനയും നടത്തിയതായി കാണുന്നില്ലെന്നും നിർമാണം പൂർത്തിയാക്കി കെട്ടിട നമ്പറിനായി നൽകുന്ന അപേക്ഷകളിൽ മുൻപ് അനുമതി നൽകിയത് പ്രകാരമാണോ നിർമ്മാണം പൂർത്തിയാക്കിയതെന്ന് സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയില്ലാതെ സെക്രട്ടറി നേരിട്ട് പരിശോധിച്ച് Occupancy Certificate നൽകുന്നതായി ഫയലിൽ നിന്ന് വ്യക്തമാകുന്നു എന്നും ടി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ഔപചാരിക അന്വേഷണ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എടക്കാട് ഗ്രാമപഞ്ചായത്തിൽ വാസ / വാസേതര കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട ക്ലാർക്കോ പഞ്ചായത്ത് സെക്രട്ടറിയോ നേരിട്ട് സ്ഥല പരിശോധന നടത്തിയാണ് അനുമതി

നൽകുന്നതെന്നും സാങ്കേതിക വിഭാഗം ജീവനക്കാർ അത്തരം ഫയലുകളിൽ യാതൊരു പരിശോധനയും നടത്തുന്നില്ലെന്നും നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പറിനായി നൽകുന്ന അപേക്ഷകളിൽ നിർമ്മാണാനുമതി പ്രകാരമാണോ നിർമ്മാണം പൂർത്തിയാക്കിയതെന്ന സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയില്ലാതെ സെക്രട്ടറി നേരിട്ട് പരിശോധിച്ച് ഒക്യുപെൻസി നൽകുന്നതായും പ്രിൻസിപ്പൽ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ആരോപണവിധേയമായ പ്രവൃത്തി ചെയ്ത വേളയിലെ എടക്കാട് ഗ്രാമപഞ്ചായത്തിലെ സംവിധാനത്തെക്കുറിച്ച് ഒരു ധാരണ കിട്ടുന്നുണ്ട്. അതായത്, സാങ്കേതിക വിഭാഗം ജീവനക്കാരെ ഒഴിവാക്കി അവരുടെ സാങ്കേതിക പരിശോധന ഉറപ്പുവരുത്താതെ സെക്രട്ടറി തലത്തിൽ തന്നെ ഫയലുകൾ കൈകാര്യം ചെയ്യപ്പെട്ടുകയായിരുന്നെന്ന് അനുമാനിക്കാം. ഇതിൽ നിന്നും തന്നെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഇക്കാര്യത്തിൽ സംശയത്തിന്റെ ആനുകൂല്യം നൽകാവുന്നതാണെന്ന് കാണുന്നു.

9. മേൽ സാഹചര്യത്തിൽ,കണ്ണൂർ കോർപ്പറേഷനിലെ എടക്കാട് സോണൽ ഓഫീസ് പരിധിയിലുള്ള തീരദേശ സംരക്ഷണ മേഖലയിൽ അനധികൃത കെട്ടിടങ്ങൾ പണിത് റിസോർട്ടുകളായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട്, നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. അനിൽകുമാർ എൻ. (PEN-684525), ഓവർസിയർ ശ്രീമതി പി.വി. ശോഭ (PEN-442218) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കായി സ്വീകരിച്ചുവന്ന അച്ചടക്ക നടപടിയിലെ ശിക്ഷ ലഘൂകരിച്ച് അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം Censure നൽകിക്കൊണ്ടും, ക്രമക്കേടുകൾ കണ്ടെത്തിയ റിസോർട്ടുകൾ സംബന്ധിച്ച ഫയലുകളൊന്നും കൈകാര്യം ചെയ്തിട്ടില്ല എന്നത് പരിഗണിച്ച് നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി ദീപ്തി ആർ. (PEN-217378) നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ നിന്ന് ടിയാളെ ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. അനിൽ കുമാർ. എൻ (PEN-684525), എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൊല്ലം കോർപ്പറേഷൻ.
2. ശ്രീമതി പി. വി. ശോഭ (PEN- 442218) മുൻ ഓവർസിയർ, എടക്കാട് ഗ്രാമപഞ്ചായത്ത്
3. ശ്രീമതി ദീപ്തി ആർ. (PEN-217378), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കണ്ണൂർ ജില്ലാപഞ്ചായത്ത്

(1 മുതൽ 3 വരെ ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരള, തൃശ്ശൂർ
6. വിജിലൻസ് വകുപ്പ് (VIG-D1/1114/2018-VIGതീയതി 21.05.2025 പ്രകാരം)
7. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി.) വകുപ്പ്
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-05-2025 16:36:15
സെക്ഷൻ ഓഫീസർ